# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 17, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

## കാൻസർ ഗ്രിഡ്

*301 **ശ്രീ വി ജോയി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരേ നിലവാരത്തിലുള്ളതും ചെലവ് കുറഞ്ഞതുമായ കാൻസർ പരിചരണം ലഭ്യമാക്കുന്നതിന് കാൻസർ ഗ്രിഡ് സംവിധാനം എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിലൂടെ ഏകീകൃത ചികിത്സാ പ്രോട്ടോക്കോളും മാർഗ്ഗനിർദ്ദേശങ്ങളും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഈ സർക്കാർ വന്നശേഷം കാൻസർ രോഗനിർണ്ണയം, ചികിത്സ, ഗവേഷണം എന്നീ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ വിവരിക്കാമോ; വ്യക്തമാക്കുമോ;

(ഡി) എല്ലാ ജനവിഭാഗങ്ങൾക്കും കാൻസർ ചികിത്സ ഉറപ്പാക്കുന്നതിന് കാൻസർ ഗ്രിഡ് മാപ്പിങ് ഫലപ്രദമാണോ; എങ്കിൽ ആയതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പാതിവില തട്ടിപ്പിലെ ക്രൈംബ്രാഞ്ച് അന്വേഷണം

*302 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതിവില തട്ടിപ്പിലെ മുഖ്യപ്രതി അനന്തകൃഷ്ണനുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിവരുന്ന അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ക്രൈംബ്രാഞ്ച് കണ്ടെത്തിയ പ്രാഥമിക വിവരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അനന്തകൃഷ്ണൻ നേരിട്ട് നടത്തിയ ഇടപെടലുകളിലൂടെ എത്രപേർക്കാണ് ഇരുചക്ര വാഹനങ്ങൾ ഓഫർ ചെയ്തിരുന്നതെന്നും അതിലൂടെ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) തട്ടിപ്പുമായി ബന്ധപ്പെട്ട് രണ്ടു വർഷത്തിനിടയിൽ പ്രതി നടത്തിയിട്ടുള്ള ബാങ്കിടപാടുകൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഇ) പ്രതിയുടെ സ്വത്തുക്കൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ രൂപീകരണം

*303 **ശ്രീ ഡി കെ മുരളി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജ്ഞാന സമൂഹ സൃഷ്ടിയ്ക്കായി ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രാദേശിക വികസന പ്രശ്നങ്ങൾ പരിഹരിച്ച് സമഗ്ര ആവാസ വ്യവസ്ഥയൊരുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് പ്രസ്തുത ക്ലസ്റ്ററുകൾ വഴി സാധ്യമാകുമോ; വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ കഴിഞ്ഞതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ക്ലസ്റ്ററുകൾ വഴിയുള്ള നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ തദ്ദേശീയ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ?

## ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് മേഖലയിൽ ഉപഭോക്തൃ സംരക്ഷണം

*304 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ താൽപര്യങ്ങൾ, വിവര സങ്കേതികവിദ്യ, വിദേശ നിക്ഷേപ നയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് തുടങ്ങിയ വിൽപ്പനരീതികൾ വിപുലമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് ബിസിനസുകളിൽ ഉപഭോക്തൃ താൽപര്യസംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ അനിവാര്യത വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഡയറക്ട് സെല്ലിംഗ് മേഖലയെ നിരീക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ശക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ പിൻബലത്തിൽ പിരമിഡ്, പോൺസി സ്കീം, മണി സർക്കുലേഷൻ തുടങ്ങിയ വ്യാപാര രീതികളെല്ലാം പൂർണ്ണമായും നിരോധിക്കാൻ സാധ്യമാണോ; വിശദമാക്കാമോ?

## <u>ലഹരിയുടെ സ്വാധീനത്തിൽ നടത്തുന്ന അതിക്രമങ്ങൾ തടയാൻ നടപടി</u>

*305 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കൾ നടത്തുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കൾ ഉണ്ടാക്കുന്ന ക്രമസമാധാന പ്രശ്നം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ലഹരി ഉപയോഗം മൂലമുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിനായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>വിദ്യാർത്ഥി സംഘട്ടനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി</u>

*306 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരിയിൽ വിദ്യാർത്ഥികൾ തമ്മിൽ നടന്ന സംഘട്ടനത്തിൽ ഷഹബാസ് എന്ന വിദ്യാർത്ഥി മരിക്കാനിടയായ സംഭവത്തിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്നു തിരിച്ചറിഞ്ഞിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഇവർക്കെതിരെ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംഘട്ടനത്തിൽ ബാഹ്യ ഇടപെടൽ നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വിദ്യാർത്ഥികൾ ചേരിതിരിഞ്ഞ് ഏറ്റുമുട്ടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ നടപടി**

*307 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മുതലുള്ള കേന്ദ്ര ഗവണ്മെന്റിന്റെ കാലയളവിൽ സംസ്ഥാനത്തിനോടുള്ള കേന്ദ്ര അവഗണന വർദ്ധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക, രാഷ്ട്രീയ നയങ്ങളെ എതിർക്കുന്നു എന്ന കാരണത്താൽ അർഹമായ വിഹിതം നൽകാതിരിക്കുന്നത് സംസ്ഥാനത്തിന്റെ വികസന ക്ഷേമ മുന്നേറ്റങ്ങളെ തകർക്കാനുള്ള കേന്ദ്രത്തിന്റെ ആസൂത്രിത നീക്കമായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ദീർഘകാലാവശ്യങ്ങളായ പ്രത്യേക റെയിൽവേ സോൺ, എയിംസ് തുടങ്ങിയവ പരിഗണിക്കാതിരിക്കുകയും സംസ്ഥാന വിഹിതം, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നത് സംസ്ഥാനത്തെ തകർക്കാനുള്ള നീക്കമായി കണ്ട് അതിനെ സംസ്ഥാനം ഒറ്റക്കെട്ടായി നേരിടേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ ഇത്തരം പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഭക്ഷ്യവകുപ്പിന്റെ നൂതനവും സുതാര്യവുമായ പ്രവർത്തനങ്ങൾ**

*308 **ശ്രീ സി കെ ഹരീന്ദ്രൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വ്യാവസായിക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് മുന്നേറാൻ കഴിഞ്ഞതിന് പരിഗണിക്കപ്പെട്ട ഘടകങ്ങളിൽ മികച്ച രീതിയിലുള്ള പൊതുവിതരണ സമ്പ്രദായവും ഉൾപ്പെട്ടിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ വന്നശേഷം ഭക്ഷ്യവകുപ്പിന് കീഴിലുള്ള നൂതനവും സുതാര്യവുമായ പ്രവർത്തനങ്ങളുടെ ഫലമായി ദേശീയ അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ നിലനിന്നിരുന്ന അനഭിലഷണീയമായ പ്രവണതകൾ തടയുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുഴുവൻ റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; ആയതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ?

## വയനാട് ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നൽകിയ നിവേദനങ്ങൾ

*309 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം. എം. മണി**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയ്ക്കും, സംസ്ഥാനത്തെ എം. പി. മാരുടെ സംഘത്തോടൊപ്പം ആഭ്യന്തരമന്ത്രിയ്ക്കും നിവേദനം നൽകിയിട്ടുണ്ടോ; നിവേദനത്തിലെ ആവശ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിനുള്ളിൽ രണ്ടുതവണ എൻ.ഡി.ആർ.എ.യിൽ നിന്നും മറ്റ് സംസ്ഥാനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടും കേരളത്തെ തുടർച്ചയായി അവഗണിക്കുന്നത് ഫെഡറൽ തത്വങ്ങൾക്ക് തന്നെ നിരക്കാത്തതാണെന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ധനകാര്യകമ്മീഷൻ സംസ്ഥാനത്തിന് ഏറ്റവും കുറഞ്ഞ വിഹിതം പ്രഖ്യാപിക്കുന്നതും കേന്ദ്ര ബജറ്റിൽ കേരളത്തോട് അനീതി പുലർത്തുന്നതും നികുതി വിഹിതം കുറയ്ക്കുന്നതും, സംസ്ഥാനത്തിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം തുടർ നടപടികൾക്കാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## ആശാവർക്കർക്ക് മിനിമം വേതനം

*310 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യം സംസ്ഥാന ലിസ്റ്റിൽപ്പെട്ട വിഷയമായതിനാൽ ആശാവർക്കർമാരെ സ്ഥിരം തൊഴിലാളികളായി നിയമിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ആശാവർക്കർമാരെ സ്ഥിരം തൊഴിലാളികളാക്കി നിയമിച്ചുകൊണ്ട് ഓണറേറിയത്തിനുപകരം മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി നിയമനിർമ്മാണത്തിനുള്ള സാധ്യത ആരാഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

**<u>കെ-സ്റ്റോർ പ്രവർത്തനങ്ങൾ</u>**

*311 **ശ്രീ എം നൗഷാദ്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗത്ത് ദിശാബോധം നൽകുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സന്നിവേശത്തിനുമായി കെ-സ്റ്റോർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി 'മിനി ബാങ്കിംഗ്' സംവിധാനം ഒരുക്കുന്നതിനും ചോട്ടു ഗ്യാസ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നാളിതുവരെ കെ-സ്റ്റോറുകളിൽ അധിക സേവനങ്ങളിലൂടെ നടത്തിയ വ്യാപാരം സംബന്ധിച്ച് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള റേഷൻ കടകളെ കെ-സ്റ്റോറായി പരിവർത്തനം ചെയ്യുന്നതിനായി എന്തെല്ലാം പശ്ചാത്തലസൗകര്യങ്ങളാണ് അധികമായി വേണ്ടിവരുന്നതെന്നും, റേഷൻ ഷോപ്പ് ഉടമകൾക്ക് ഇതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാക്കാൻ കഴിയുന്നതെന്നും വെളിപ്പെടുത്തുമോ?

**<u>സംയോജിത നഗരാസൂത്രണം</u>**

*312 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യ വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികച്ച പ്രകടനം കാഴ്ച വെച്ച് മാതൃക കാണിച്ചതുവഴി സംസ്ഥാനത്തിന് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ അധികാര കേന്ദ്രീകരണ പ്രവണതകളെ ചെറുക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താൻ പ്രാദേശികതലത്തിൽ പുതിയ വെല്ലുവിളികളെയും പ്രതീക്ഷകളെയും അഭിസംബോധന ചെയ്യത്തക്കവിധമുള്ള ഇടപെടലിന്റെ ആവശ്യകത സംബന്ധിച്ച് വിശദമാക്കുമോ;

(സി) വികേന്ദ്രീകരണ പ്രക്രിയയും ശേഷി വർദ്ധനയും മുന്നോട്ട് കൊണ്ടുപോകുന്നതിന് നല്ല മാതൃകകളും സമ്പ്രദായങ്ങളും സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണത്തിന് പ്രാദേശിക കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ദ്രുത നഗരവൽക്കരണത്തിന്റെ വെല്ലുവിളി നേരിടുന്നതിന് സംയോജിത നഗരാസൂത്രണം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>കെ-സ്മാർട്ട് പദ്ധതി</u>

*313 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് പദ്ധതി ആരംഭിച്ചത് എന്നാണെന്നും പ്രാഥമികഘട്ടത്തിൽ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പരീക്ഷണാർത്ഥം അത് നടപ്പാക്കിയതെന്നും അറിയിക്കുമോ;

(ബി) കെ-സ്മാർട്ട് നടപ്പാക്കിയതിനുശേഷം ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കെ-സ്മാർട്ടിൽ സിവിൽ രജിസ്ട്രേഷൻ, ബിസിനസ് ഫെസിലിറ്റേഷൻ, വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ്, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതികൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെ-സ്മാർട്ട് പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>കാര്യക്ഷമമായ ഉപഭോക്തൃ തർക്കപരിഹാര സംവിധാനങ്ങൾ</u>

*314 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വിൽപ്പനയുടെയും മൾട്ടി ലെവൽ മാർക്കറ്റിംഗിന്റെയും കാലഘട്ടത്തിൽ ഉപഭോക്തൃസേവന, തർക്കപരിഹാര സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തർക്കപരിഹാരം, ബോധവൽക്കരണം, നയരൂപീകരണം എന്നിങ്ങനെ സമസ്തമേഖലകളിലും ഉപഭോക്തൃ ശാക്തീകരണത്തിനും സേവനങ്ങൾക്കുമായി

ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെ സേവനം ഗുണഭോക്താക്കൾ നല്ല തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; സംസ്ഥാനത്ത് ഉപഭോക്തൃ പരാതി പരിഹാര നിരക്കിലെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉപഭോക്തൃ പരാതികൾക്ക് പരിഹാരം കാണാനുള്ള സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സ്കൂൾ-കോളേജ് തലത്തിൽ ബോധവൽക്കരണ ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർഥികളെ ഉപഭോക്തൃ സേവന പ്രചാരകരാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കുട്ടികളും യുവാക്കളും ഏർപ്പെടുന്ന കുറ്റകൃത്യങ്ങൾ

*315 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരിയിൽ പത്താം ക്ലാസ് വിദ്യാർഥികൾ ഗൂഢാലോചന നടത്തി മറ്റൊരു വിദ്യാർത്ഥിയെ കൊലപ്പെടുത്തിയ സംഭവം ഗൗരവമായി കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് കുട്ടികളും യുവാക്കളും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുട്ടികളും യുവാക്കളും നടത്തുന്ന അതിക്രമങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## റേഷൻ റൈറ്റ് കാർഡ്

*316 **ശ്രീമതി ദെലീമ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രിക ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന 'എല്ലാവർക്കും റേഷൻ കാർഡ്' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കിയതിലൂടെ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവർ, ട്രാൻസ്ജെൻഡറുകൾ, പുറംപോക്ക് ഭൂമിയിൽ താമസിക്കുന്നവർ തുടങ്ങിയവരുടെ ആധാർ രേഖകളുടെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കാർഡ് നൽകുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കേരളത്തിൽ സ്ഥിരതാമസമാക്കിയ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും റേഷൻ

സാധനങ്ങൾ കൈപ്പറ്റുന്നതിന് റേഷൻ റൈറ്റ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

**'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം - ഒരു ആശയം'**

*317 **ശ്രീ എം രാജഗോപാലൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം-ഒരു ആശയം' എന്ന പദ്ധതിയിലൂടെ പ്രാദേശിക പ്രശ്നപരിഹാരത്തിനും സാമ്പത്തിക വികസനത്തിനുമായി എന്തെല്ലാം നൂതനാശയങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 2021-22-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പാക്കിയത് ഏതുമാതൃക അവലംബിച്ചുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 'സുലേഖ' ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കുമോ?

**പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് നടപടി**

*318 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള ആളുകൾക്ക് പ്രായ വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നൽകുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ആരോഗ്യ വകുപ്പിന് കീഴിൽ സി.എച്ച്.സി., താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ചു നടത്തിവരുന്ന വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പരിശോധനകളും തീരുമാനങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്താകെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

## എൻ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി കേന്ദ്രം നൽകുന്ന തുക

*319 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 കാലയളവിൽ എൻ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് കേന്ദ്രം നൽകാനുള്ള തുക കുടിശികയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാർ ബജറ്റിൽ വകയിരുത്തിയ തൊള്ളായിരത്തോളം കോടി രൂപയ്ക്ക് പുറമേ 120 കോടി രൂപ കൂടി അധികമായി അനുവദിച്ചു എന്ന വാദം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശിക നേടിയെടുക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## അമീബിക് മസ്തിഷ്കജ്വരം

*320 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം വ്യാപിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത രോഗബാധിതരുടെ ചികിത്സയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) രോഗബാധ നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങൾ

*321 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇത്തവണത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി, മഹാത്മാ ഗാന്ധി പുരസ്കാരം, മഹാത്മാ അയ്യങ്കാളി പുരസ്കാരം, ലൈഫ് മിഷൻ പുരസ്കാരം എന്നിവയ്ക്ക് അർഹമായ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം മേഖലയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാര ജേതാക്കളെ തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തുടർച്ചയായി പുരസ്കാരങ്ങൾ നിലനിർത്തുന്ന തദ്ദേശ സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഡി) സമ്പൂർണ്ണ മാലിന്യ സംസ്കരണ യജ്ഞത്തിന്റെ ഭാഗമായി വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വ്യത്യസ്ത കാറ്റഗറിയിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ പുരസ്കാരങ്ങൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## ലീഗൽ മെട്രോളജി വകുപ്പിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ

*322 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം. എം. മണി**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങൾക്ക് പ്രസ്തുത വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ പ്രായോഗികമായി നടപ്പിലാക്കുന്നതിനും ലീഗൽ മെട്രോളജി വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകളിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ലഹരിക്കേസുകളിലെ സ്ഥിരം പ്രതികൾക്ക് കരുതൽ തടങ്കൽ

*323 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കേസുകളിൽ തുടർച്ചയായി പ്രതികളാകുന്നവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഇത്തരം പ്രതികളെ നിരീക്ഷിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒന്നിലേറെ കേസുകളിൽ പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിനായി സ്ഥിരം കുറ്റവാളികളായവരെ കരുതൽ തടങ്കലിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>സംസ്ഥാന പോലീസിന്റെ തുടരന്വേഷണ മികവ്</u>**

*324 **ശ്രീ. എം.വിജിൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘനാളായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താൻ കഴിയാതിരുന്ന കുറ്റകൃത്യങ്ങളിൽ തുടരന്വേഷണം നടത്തി പ്രതികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ എത്തിച്ചതിലൂടെ കേരള പോലീസ് സേനയ്ക്ക് മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2016-ലെ സർക്കാർ വരുന്നതിന് മുമ്പുണ്ടായിരുന്നതും അന്വേഷണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാകാതിരുന്നതും വിവാദങ്ങൾ സൃഷ്ടിച്ചതുമായ ഏതെല്ലാം കേസുകളാണ് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ തുടരന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ കുറ്റകൃത്യങ്ങളിൽ അകപ്പെട്ടവരെയും പതിറ്റാണ്ടുകളായി ഒളിവിലായിരുന്നവരെയും കണ്ടെത്തുന്നതിലും കാലഹരണപ്പെട്ടവയെന്ന് കരുതിയ കേസുകളിലെ യഥാർത്ഥവസ്തുത പുറത്തുകൊണ്ടുവരുന്നതിലും പ്രസ്തുത കാലയളവിൽ പോലീസ് കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>മുല്ലപ്പെരിയാർ മേൽനോട്ട സമിതി</u>**

*325 **ശ്രീ. എ. രാജ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനും തമിഴ്നാടിനും സ്വീകാര്യമായ പരിഹാരമുണ്ടാക്കുന്നതിനായി പുതുതായി രൂപീകരിച്ച മുല്ലപ്പെരിയാർ മേൽനോട്ട സമിതിക്ക് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പുതിയ മേൽനോട്ട സമിതിയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന ശാശ്വതവും സൗഹാർദ്ദപരവുമായ നിലപാടുകൾ തർക്ക വിഷയത്തിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനും പ്രായോഗിക തീരുമാനങ്ങളിൽ എത്തിച്ചേരുന്നതിനും സഹായകമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് തീർപ്പാക്കാനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഇരു സംസ്ഥാനങ്ങളുടേയും സംയുക്തയോഗം വിളിച്ചു ചേർക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; അനന്തര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം**

*326 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക്കും ഇ-മാലിന്യങ്ങളും പുനരുപയോഗിക്കാനും സംസ്കരിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) മാലിന്യങ്ങൾ ഫലപ്രദമായി തരം തിരിക്കാത്തതിനാൽ അത് ചീഞ്ഞ് രോഗങ്ങൾക്ക് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം പുനരവലോകനം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**സ്കൂൾ പരിസരത്തെ ലഹരി വിൽപന തടയാൻ നടപടി**

*327 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ സമീപത്തുള്ള കടകളിൽ മിഠായിയിലും ഐസ്ക്രീമിലും അടക്കം ലഹരി കലർത്തി വിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോട്ടയത്ത് നാല് വയസ്സുകാരൻ സ്കൂളിൽ നിന്നും കഴിച്ച ചോക്ലേറ്റിൽ ലഹരിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മെഡിക്കൽ സ്റ്റോറുകളിൽനിന്നും സിന്തറ്റിക് ഡ്രഗ്സിന് സമാനമായ മരുന്നുകൾ കുട്ടികൾ വാങ്ങുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് തടയാൻ ആരോഗ്യ വകുപ്പുമായി ചേർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

**സർക്കാർ സർവ്വീസിലെ അഴിമതി നിർമ്മാർജ്ജനം**

*328 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കുന്നതിന് വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ തയ്യാറാക്കിയ പട്ടികയുടെ വിശദാംശം നൽകുമോ;

(ബി) പട്ടികയിൽ ഉൾപ്പെട്ടവരെ നിരന്തരം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

<u>**'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം'**</u>

*329 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആർദ്രം ആരോഗ്യം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി നടത്തിയ സ്ക്രീനിംഗിൽ ഏകദേശം പതിനൊന്ന് ലക്ഷത്തോളം പേർക്ക് കാൻസർ സാധ്യത കണ്ടെത്തിയിട്ടുണ്ടോ; രോഗസാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞ ശേഷവും തുടർപരിശോധനയ്ക്കും ചികിത്സയ്ക്കും ഭൂരിഭാഗം ആളുകളും തയ്യാറാകുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം കൊണ്ടുതന്നെ സംസ്ഥാനത്ത് മുഴുവൻ ജനങ്ങളുടെയും കാൻസർ രോഗസാധ്യത കണ്ടെത്തുന്നതിനും ആരംഭഘട്ടത്തിൽ തന്നെ മികച്ച ചികിത്സ ഉറപ്പാക്കുന്നതിനും കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാൻസർ ചികിത്സയ്ക്കായി നൂതന ചികിത്സാ-ഗവേഷണ സംവിധാനങ്ങളൊരുക്കുന്ന കാര്യത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കാൻസർ ചികിത്സ ചെലവുകുറച്ച് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മുന്തിയ പരിഗണന നൽകിവരുന്നുണ്ടോ; 'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്'' പദ്ധതി വഴി കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

<u>**മാലിന്യത്തിൽനിന്നും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ**</u>

*330 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന വിവിധതരം മാലിന്യങ്ങൾ തരം തിരിച്ച് പുനരുപയോഗിക്കാൻ കഴിയുന്നവയെ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളാക്കി മാറ്റുന്ന

കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ബി) ഇതിനായി പൂർണ്ണ തോതിൽ സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റുകളെക്കുറിച്ച് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിന്ന് ഏജൻസികൾ ശേഖരിക്കുന്ന മാലിന്യം ഏത് രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 8, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].